നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2010 : ഒന്നാം ഘട്ട അലോട്ടുമെന്റ് ജൂൺ 16ന് പ്രസിദ്ധീകരിക്കുന്നു

2010 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ജൂൺ മാസം 4-ാം തീയതി ആരംഭിച്ചിരുന്നു. **12** സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള **2** എഞ്ചിനീയറിംഗ് കോളേജുകൾ, **19** സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിലുള്ള **3** സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, **60** സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, **5** സർക്കാർ മെഡിക്കൽ കോളേജുകൾ, **2** സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകൾ എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിരുന്നത്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി 14.06.2010 ന് വൈകുന്നേരം 3 മണിയ്ക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം 46,919 വിദ്യാർത്ഥികൾ 29,36,825 ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in/keam** എന്ന വെബ്സൈറ്റിൽ **ജൂൺ 16 ന്** പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട റ്റ്യൂഷൻ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് പേജിൽ ലഭ്യമായിരിക്കും. ഇതിന്റെ പ്രിന്റ് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **17.06.2010 മുതൽ 21.06.2010 വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഫീസ് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും എല്ലാ സ്ട്രീമിലെയും ഹയർ ഓപ്ഷനുകളും റദ്ദാക്കുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.06.2010